പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 270 — 27.02.2017 ൽ മറുപടിക്ക്

## കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര പ്രാഥമികാരോഗ്യകേന്ദ്രങ്ങളെയാണ് കുടുംബ ആരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളത് ; കുടുംബ ആരോഗ്യ കേന്ദ്രങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നത് ; | (എ) | സംസ്ഥാനത്ത് 14 ജില്ലകളിൽ നിന്നുമായി തിരഞ്ഞെടുത്ത 171 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തീരുമാനിച്ചിട്ടുള്ളത്. ആർദ്രം മിഷന്റെ ഭാഗമായുള്ള ഈ പദ്ധതിയിലൂടെ ആരോഗ്യ മേഖലയിലെ നെടും തൂണായി പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ ജനങ്ങളുടെ പ്രതീക്ഷക്കൊപ്പം വിപുലപ്പെടുത്തുന്നതു വഴി മാതൃ ശിശു ആരോഗ്യകാര്യങ്ങൾക്കും പകർച്ച വ്യാധി പ്രതിരോധ ചികിൽസക്കും പുറമേ ജീവിതശൈലീരോഗങ്ങളുടെ നിയന്ത്രണം ചികിൽസ എന്നിവയ്ക്ക് ഈ പദ്ധതിയിൽ പ്രാധാന്യം നൽകുന്നു. കുടുംബഡോക്ടർ എന്ന തലത്തിലേക്ക് ഈ മേഖലയിലെ ഡോക്ടർമാരെ മാറ്റുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇവിടങ്ങളിൽ ഡോക്ടർമാരുടെയും സ്റ്റാഫ് നഴ്സിന്റെയും ലാബ്ടെക്നീഷ്യന്റെയും അധിക തസ്തികകൾ സൃഷ്ടിക്കാനുള്ള പ്രപ്പോസലുകൾ പരിഗണനയിലാണ്. |
| (ബി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ കുടുംബ ആരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ സംബന്ധിച്ച ശിപാർശയിൽ സ്വീകരിച്ചിട്ടുള്ള നടപടിയുടെ വിശദാംശം അറിയിക്കുമോ ? | (ബി) | പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിൽ നിന്നും താഴേക്കോട് പ്രാഥമികാരോഗ്യ കേന്ദ്രത്തെയാണ് കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റുന്നതിന് തെരെഞ്ഞെടുത്തിട്ടുള്ളത് ഇതിനായുള്ള പ്രവർത്തനമെന്ന നിലയിൽ ആശുപത്രിയിൽ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലിൽ നടപടി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ